(ബി) പാഠപുസ്തക വിതരണത്തിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടും അദ്ധ്യയന വർഷമാരംഭിച്ച് ഒരു മാസം കഴിഞ്ഞിട്ടും പുസ്തകം പൂർണ്ണമായി എത്തിക്കാൻ സാധിക്കാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായി എന്നത്തേയ്ക്ക് എത്തിക്കാൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാഠപുസ്തകത്തിനുള്ള തുക മുൻകൂട്ടി അടച്ചിട്ടും, കണ്ണൂർ ജില്ലയിൽ ഏതൊക്കെ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് പുസ്തകം ലഭ്യമാക്കാൻ ബാക്കിയുണ്ടെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാഠപുസ്തകങ്ങൾ അച്ചടിശാലയിൽ നിന്നും നേരിട്ട് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്ന രീതിയാണ് ഈ വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ളത്. സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയേയും ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനേയുമാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി&സി) പാഠപുസ്തകങ്ങളുടെ ആവശ്യകത സംബന്ധിച്ച് സ്കൂൾ അധികൃതർ നൽകിയ ഇൻഡന്റിലെ പിഴവുമൂലം ചില സ്കൂളുകൾക്ക് യഥാ സമയം പാഠപുസ്തകം ലഭിക്കാതെ വന്നിട്ടുണ്ട്. 98% പാഠപുസ്തകങ്ങളും ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. ശേഷിക്കുന്നവയുടെ വിതരണം ഉടനെ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ.

(ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് തുക മുൻകൂർ അടയ്ക്കേണ്ടതില്ല. അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്.

ട്രാവൽ ആന്റ് ടൂറിസം കോഴ്സ്

14 (3760) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ.യിൽ ട്രാവൽ ആന്റ് ടൂറിസം വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(ബി) എത്ര സ്കൂളുകളിൽ ഈ വർഷം ട്രാവൽ ആന്റ് ടൂറിസം കോഴ്സ് അനുവദിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 162 തസ്തികകൾ.

(ബി) ഈ വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly